"ഭരണഭാഷ–മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് – ജീവനകാര്യം – കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – എയിംസ് സോഫ്റ്റ് വെയറിന്റെ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നുള്ള ടെക്നിക്കൽ/ മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ കാലാവധി ദീർഘിപ്പിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്–ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.3534/2025/ധന** **തീയതി, തിരുവനന്തപുരം, 09/04/2025**

പരാമർശം :–
1. സ.ഉ.(സാധാ)നം.6743/2022/ധന തീയതി: 03/10/2022
2. സ.ഉ.(സാധാ)നം.2582/2024/ധന തീയതി: 18/03/2023
3. 28/09/2024 തീയതിയിലെ ഡി.കെ.എസ്.എ.2371/2024/ഐ.ടി–സെൽ.1 നമ്പർ കത്ത്
4. 21/02/2025 തീയതിയിലെ ഡി.കെ.എസ്.എ.519/2025/ഐ.ടി–സെൽ.1 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കിവരുന്ന എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി കെൽട്രോണിൽ നിന്നും 22.02.2024 മുതൽ 21.02.2025 വരെ മൂന്ന് ഓഫ്സൈറ്റ് ടെക്നിക്കൽ/മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനവും, രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ/മെയിന്റനൻസ് സ്റ്റാഫിന്റെ സേവനവും ലഭ്യമാക്കുന്നതിനും, എയിംസ്/ചാരിറ്റബിൾ എൻഡോവ്മെന്റ് സോഫ്റ്റ്വെയറിന്റെ മോഡിഫിക്കേഷൻ & എൻഹാൻസ്മെന്റ് കെൽട്രോൺ മുഖേന നിർവഹിക്കുന്നതിനും പരാമർശം (2) പ്രകാരം സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ടി സോഫ്റ്റ്വെയറിന്റെ നവീകരണം (AIMS 2.0) സംബന്ധിച്ച് പരാമർശം (3) പ്രകാരം ഓഡിറ്റ് ഡയറക്ടർ പ്രൊപോസൽ സമർപ്പിച്ചിരുന്നു. കെൽട്രോണിൽ നിന്നുള്ള ടി ടെക്നിക്കൽ/ മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനം 21.02.2025 ൽ അവസാനിച്ചിട്ടുണ്ടെന്നും ഓൺസൈറ്റ്/ഓഫ് സൈറ്റ് ടെക്നിക്കൽ മെയിന്റനൻസ് സപ്പോർട്ടിന്റെ സേവനം തുടർന്നും ആവശ്യമായതിനാൽ 22.02.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ടി സ്റ്റാഫുകളുടെ സേവനം ലഭ്യമാക്കണമെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നടപ്പിലാക്കിവരുന്ന എയിംസ് സോഫ്റ്റ് വെയറിന്റെ സുഗമമായ പ്രവർത്തനത്തിനായി പരാമർശം (1) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള നിരക്കിൽ മൂന്ന് ഓഫ്സൈറ്റ് ടെക്നിക്കൽ/മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനവും, രണ്ട് ഓൺ സൈറ്റ് ടെക്നിക്കൽ/മെയിന്റനൻസ് സപ്പോർട്ട് സ്റ്റാഫിന്റെ സേവനവും 22.02.2025 മുതൽ ഒരു വർഷത്തേക്കോ, എയിംസ് വെർഷൻ 2.0 പ്രവർത്തനക്ഷമമാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ലഭ്യമാക്കുന്നതിനും, പ്രസ്തുത ചെലവ് "2054-00-098-88-34 മറ്റ് ചെലവുകൾ (പ്ലാൻ)" എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീനി.ജി**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ഫയൽ നം. എസ്റ്റാ.ഡി1/151/2022-ധന(ഇ- 2239928)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ